LIBRARY ARCHIVES Kerala Legislative Assembly

ഏകീകൃത പരസ്യനികുതി നയം

103 (3387) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് വരുമാനം വർദ്ധിപ്പിക്കുവാൻ സാഹചര്യം ഒരുക്കുന്ന പരസ്യ നികുതിയുടെ കാര്യത്തിൽ ചട്ടങ്ങളും മാതൃകാ ബൈലോകളും തയ്യാറാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) മുനിസിപ്പാലിറ്റി ആക്ട്, പഞ്ചായത്ത് രാജ് ആക്ടുകളിൽ ഉള്ളതുപോലെ മാതൃകാ ബൈലോ തയ്യാറാക്കുകയും പരസ്യനികുതി ഏകീകരിക്കുകയും ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുമോ ;

(സി) പ്രസ്തുത വിഷയം ലോക്കൽ ഗവൺമെന്റ് കമ്മീഷന് റഫർ ചെയ്ത് മുനിസിപ്പാലിറ്റികൾക്ക് ഗുണകരമായ ഒരു ഏകീകൃത പരസ്യനികുതി നയം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

(സി) പ്രസ്തുത വിഷയം ലോക്കൽ ഗവൺമെന്റ് കമ്മീഷന് റഫർ ചെയ്തിരുന്നുവെങ്കിലും, ബന്ധപ്പെട്ട ഡയറക്ടർമാരിൽനിന്ന് ആക്ട് ഭേദഗതി, ചട്ടം ഭേദഗതി, മാതൃകാ ബൈലോ എന്നിവ സംബന്ധിച്ച് കരട് ലഭ്യമാക്കിയശേഷം കമ്മീഷന് കരടുകൾ വെറ്റ് ചെയ്യാൻ അയച്ചുകൊടുക്കാനാണ് കമ്മീഷൻ അഭിപ്രായപ്പെട്ടിരിക്കുന്നത്.

റിയൽ എസ്റ്റേറ്റ് മേഖലയിലെ ചൂഷണങ്ങൾ തടയുന്നതിനായി നിയമനിർമ്മാണം

104 (3388) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിയൽ എസ്റ്റേറ്റ് മേഖലയിലെ ചൂഷണങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സമീപകാലത്ത് ഫ്ലാറ്റ് നിർമ്മാണ രംഗത്ത് ഉടലെടുത്ത് വിവാദങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും ഈ രംഗത്തെ തട്ടിപ്പും വെട്ടിപ്പും നിയന്ത്രിക്കുന്നതിനും ഉപഭോക്താക്കളുടെ താല്പര്യം സംരക്ഷിക്കുന്നതിനും ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിനും ധനവിനിയോഗം നിയന്ത്രിക്കുന്നതിനുമായി ഒരു സ്റ്റേറ്റ് റിയൽ എസ്റ്റേറ്റ് അതോറിറ്റിക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണനയിലുണ്ട്. ക്വാസി ജുഡീഷ്യൽ അധികാരത്തോടുകൂടിയുള്ളതും കക്ഷികളും കെട്ടിട നിർമ്മാതാക്കളും തമ്മിൽ തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കുവാൻ പര്യാപ്തവുമാണ് മേൽ ഉദ്ധരിച്ച അതോറിറ്റി. കേരള റിയൽ എസ്റ്റേറ്റ് അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിച്ചു കൊണ്ട് ഒരു കരട് ബിൽ (കേരള റിയൽ എസ്റ്റേറ്റ് റഗുലേഷൻ & ഡെവലപ്മെന്റ്) നിലവിൽ വന്നെങ്കിലും ആയത് നിയമമായിട്ടില്ല.

കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ

105 (3389) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കണമെന്ന ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി ഇതിനകം അനുവദിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എറണാകുളത്തെ പദ്ധതി പൂർത്തീകരിച്ചു. വയനാട്, കോട്ടയം ജില്ലകളിൽ സ്ഥലം ലഭ്യമായിട്ടുണ്ട്. എറണാകുളത്തെ പ്ലാന്റിന്റെ പ്രവർത്തനം നിരീക്ഷിച്ചതിനുശേഷം ഇവിടങ്ങളിൽ പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള നടപടികൾ എടുക്കുന്നതാണ്. മറ്റു ജില്ലകളിൽ പ്ലാന്റിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.